SURVEY CLEARANCE AT PERINGALKUTHU

265. മിസ്സർ എം. കെ. വർഗ്ഗീസ്സ് : താഴെ പറയുന്ന ചോദ്യത്തിന്ന മറുപടി പറയുവാൻ ബഹുമാനപ്പെട്ട ഗവൺമ്മെണ്ടിന്ന ദയവുണ്ടാകുമോ.—

പെരിങ്ങൽക്കുത്തിൽ സർവ്വെ ക്ലിയറൻസ് ഗവൺമ്മെണ്ടു നടത്തിയിരുന്നപ്പോൾ ഉണ്ടായ ചിലവും കൺട്രാക്ടു് പ്രകാരം വരുന്ന ചിലവും തമ്മിൽ എതാണ് ഔദ്യായകരം?

റാവുസാഹിബ് കെ. അയ്യപ്പൻ : സർവ്വെ ക്ലിയറൻസ് പെരിങ്ങൽകുത്തിൽ കൺട്രാക്ടു് പ്രകാരം നടത്തിയിട്ടില്ല. അതിനാൽ ഉത്തരം പറയുവാൻ പ്രയാസമാണു്.

CRIMINAL LAW (AMENDMENT) ACT

266. മിസ്റ്റർ പി. നാരായണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) ഗവൺമ്മെണ്ടിന്റെ ക്രിമിനൽ നിയമം ഭേദഗതി ആക്ടിനേയും നിരോധന ആജ്ഞകളേയും പ്രതിഷേധിച്ചു് ഏതെല്ലാം പ്രജാമണ്ഡലം കമ്മിറ്റിയോഗങ്ങളാണ ഗവൺമ്മെണ്ടിന്ന പ്രമേയങ്ങൾ അയച്ചു തന്നിട്ടുള്ളതു്;

(ബി) പ്രസ്തുത ആക്ടും നിരോധന ആജ്ഞകളും പിൻവലിക്കാത്തപക്ഷം പ്രജാമണ്ഡലം മന്ത്രിമാർ കാബിനറ്റിൽനിന്ന രാജിവെക്കുന്നതാണെന്നു് ഈ പ്രമേയങ്ങളിൽ ഏതിലെങ്കിലും പ്രസ്താവിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം കമ്മറ്റിയോഗങ്ങളിൽനിന്നു് അയച്ച പ്രമേയങ്ങളിൽ?

റാവുസാഹിബ് എ. മാധവപ്രഭു : (എ) പ്രജാമണ്ഡലത്തിൽനിന്നും താഴെ പറയുന്ന പ്രമേയങ്ങൾ ലഭിച്ചിട്ടുണ്ടു്.

ക. ക്രിമിനൽ നിയമഭേദഗതി ആക്ടു് പിൻവലിക്കണമെന്ന പറഞ്ഞുകൊണ്ടു ചിറ്റൂർ താലൂക്ക പ്രജാമണ്ഡലം പ്രവർത്തക കമ്മിറ്റിയുടേയും പ്രാഥമിക കമ്മിറ്റി പ്രസിഡണ്ടു സിക്രട്ടറിമാരുടേയും സംയുക്തയോഗത്തിൽ പാസ്സാക്കിയ പ്രമേയം.

ഖ. മറ്റു ആവശ്യങ്ങൾക്കിടയിൽ ക്രിമിനൽ നിയമഭേദഗതി ആക്ടു് പിൻവലിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു കാറളം പ്രജാമണ്ഡലപ്രവർത്തക സമിതിയോഗത്തിൽ പാസ്സാക്കിയ പ്രമേയം.

ന. ക്രിമിനൽ നിയമഭേദഗതി ആക്ടും ദേശാഭിമാനി പത്രത്തിന്റെ പേരിലുള്ള നിരോധനവും പിൻവലിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു വടിയം പ്രജാമണ്ഡലം സംഘങ്ങളുടെ യോഗത്തിൽ പാസ്സാക്കിയ പ്രമേയം.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ പി. നാരായണമേനോൻ : ആൻസർ രണ്ടിൽ "മറ്റാവശ്യങ്ങൾക്കിടയിൽ ക്രിമിനൽ നിയമഭേദഗതി ആക്ടു് പിൻവലിക്കണമെന്നു് ആവശ്യപ്പെട്ടു" എന്നു പറഞ്ഞിട്ടുണ്ടു്. ഈ മറ്റാവശ്യങ്ങൾ എന്തൊക്കെയാണു്?

റാവുസാഹിബു് എ. മാധവപ്രഭു : പല സംഗതികളും ആവശ്യപ്പെട്ടിട്ടുണ്ടു്. ആ കൂട്ടത്തിൽ മന്നാണിതു്.

RESERVATION OF SEATS FOR THE LADY STUDENTS IN THE HARDINGE MEDICAL COLLEGE, DELHI

267. മിസ്സർ കെ. എ. രാഘവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമ്മെണ്ടിൽനിന്നും ദയവു സദയം മറുപടി പറയുമോ.—

(എ) ഡൽഹി ഹാർഡിഞ്ച് മെഡിക്കൽ കോളേജിൽ കൊച്ചിക്കാരായ വിദ്യാർത്ഥിനികൾക്കു് എത്ര സീറ്റു റിസർവ് ചെയ്തു കിട്ടി;

(ബി) ഇതനുസരിച്ചു് അത്രയും സീറ്റുകൾക്ക വിദ്യാർത്ഥിനികളെ അയക്കുവാൻ കഴിഞ്ഞുവോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടു്;

(ഡി) എന്നാണു് ഈ സീറ്റു് റിസർവേഷൻകാര്യം ഗവൺമ്മെണ്ടിന്നു് അറിവു കിട്ടിയതു്;

LIBRARY ARCHIVES Kerala Legislative Assembly